പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 4534      25.10.2016 -ൽ മറുപടിയ്ക്ക്

## ഹൈ സ്പെൻഡിംഗ് ടൂറിസ്റ്റുകൾ

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.വി.ആർ. സുനിൽ കുമാർ<br>ശ്രീ.എൽദോ എബ്രഹാം<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. : | | | ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| എ) | ടൂറിസത്തിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനായി മാസ് ടൂറിസത്തിന് പകരം കൂടുതൽ ചെലവഴിക്കാൻ കഴിവുള്ള വിദേശ സഞ്ചാരികളുടെ (High Spending Tourists) എണ്ണത്തിൽ വർദ്ധനവ് വരുത്തണം എന്നത് കണക്കിലെടുത്ത് അവരെ ആകർഷിക്കുന്നതിന് എന്തെങ്കിലും പരിപാടികൾ ആലോചിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) യും ബി) യും | ഉണ്ട്. കൂടുതൽ തുക ചെലവഴിക്കാൻ കഴിവുള്ള ടൂറിസം മാർക്കറ്റുകളിൽ വിപണനം ശക്തിപ്പെടുത്തുന്നതിന് ഉതകുന്ന വിപണന തന്ത്രങ്ങൾ വകുപ്പ് ഇപ്പോൾ തന്നെ നടപ്പിലാക്കി വരുന്നുണ്ട്. വിദേശ പത്ര, ദൃശ്യ മാധ്യമങ്ങൾ വഴി കൂടുതൽ പരസ്യം നൽകി വരുന്നുണ്ട്. കൂടാതെ വിദേശ രാജ്യങ്ങളിൽ റോഡ് ഷോകളും വകുപ്പ് സംഘടിപ്പിക്കുന്നു. |
| ബി) | ഹൈ സ്പെൻഡിംഗ് ടൂറിസ്റ്റുകൾ എത്തുന്ന വിദേശ മാർക്കറ്റുകൾ, അവരെ ആകർഷിക്കുന്ന ഘടകങ്ങൾ എന്നിവയെപ്പറ്റി ഒരു പഠനം നടത്തുന്നതിനും അതിനനുസൃതമായി വിപണന രീതികൾ ആവിഷ്കരിക്കുന്നതിനും തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ